# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4842.

21.10.2011-ൽ
മറുപടി നൽകേണ്ടിയിരുന്നത്.

## പഞ്ചായത്ത് സെക്രട്ടറി നിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ. | | ഡോ.എം.കെ.മുനീർ. (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) പഞ്ചായത്ത് ഡയറക്ടറുടെ ഇ8-684/2009 ഉത്തരവ് പ്രകാരം എത്ര ഉദ്യോഗാർത്ഥികളെ പഞ്ചായത്ത് സെക്രട്ടറിമാരായി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പഞ്ചായത്ത് ഡയറക്ടറുടെ വിവധ തീയതികളിലെ ഇ8-6841/2009 നമ്പർ ഉത്തരവുകൾ പ്രകാരം 3/10/2011 വരെ ആകെ 229 പേരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായി നിയമിച്ചിട്ടുണ്ട്. |
| (ബി) ജോലിയിൽ പ്രവേശിച്ച ശേഷം രാജിവച്ചോ, വിടുതൽ വാങ്ങിയോ പോയ ഉദ്യോഗാർത്ഥികളുടെ വിശദ വിവരം നൽകാമോ; | (ബി) | 1. സന്ദീപ്.പി, സെക്രട്ടറി, പാട്യം ഗ്രാമപഞ്ചായത്ത്, കണ്ണൂർ-രാജി വച്ചു.<br>2. 7 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ മറ്റു ജോലിയ്ക്കായി വിടുതൽ വാങ്ങി പോയി.<br>3. 3 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ മാതൃ വകുപ്പിലേയ്ക്ക് തിരികെ പ്പോയി. |
| (സി) എൻ.ജെ.ഡി.ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആ വിവരം ലഭ്യമാക്കാമോ ; | (സി) | എൻ.ജെ.ഡി.ഒഴിവുകളായി പി.എസ്സി.ക്ക് റിപ്പോർട്ട് ചെയ്തിരുന്ന 28 ഒഴിവുകളിലേയ്ക്ക് പി.എസ്.സിയുടെ നിയമനശുപാർശ പ്രകാരം 3/10/2011-ൽ 28 പേരെ പഞ്ചായത്ത് സെക്രട്ടറിമാരായി നിയമിച്ചു. |
| (ഡി) ജോലിയിൽ പ്രവേശിച്ചതിനു ശേഷം റിലീവ് ചെയ്ത ഉദ്യോഗാർത്ഥികളുടെ ഒഴിവുകൾ കേഡർ സ്ട്രെങ്ങ്തിൽ നിന്നു കുറയ്ക്കുന്നതിനാൽ പ്രസ്തുത ഒഴിവുകൾ തുടർന്നും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതല്ലേ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) | കെ.എസ് & എസ്.എസ്.ആർ.ചട്ടം 5(b) അനുസരിച്ച് ഒരു തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനവും ബൈട്രാൻസ്ഫർ മുഖേനയുള്ള നിയമനവും പ്രത്യേക അനുപാതത്തിൽ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തസ്തികയിലേയ്ക്കുള്ള നേരിട്ടുള്ള നിയമനം സ്പെഷ്യൽ റൂളിൽ പറഞ്ഞിട്ടുള്ള അനുപാതം കേഡർ സ്ട്രെങ്ങ്തിനു ബാധകമാക്കി അതനുസരിച്ച് ആ തസ്തികയിൽ വരുന്ന ഒഴിവുകളിലേയ്ക്ക് ആയിരിക്കും. പഞ്ചായത്തു വകുപ്പിൽ ആകെ പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേയ്ക്ക് നിയമനത്തിന്റെ 40% തസ്തികകൾ നേരിട്ടുള്ള നിയമനത്തിനായി മാറ്റിയിട്ടുള്ളതാണ്. ആയതിനാൽ വകുപ്പിൽ ഈ തസ്തികകളിലേയ്ക്ക് വരുന്ന ഒഴിവുകൾ അതു NJD ആയാലും, വിരമിച്ച ഒഴിവുകളായാലും |

ആയാലും, വിരമിച്ച ഒഴിവുകളായാലും
രാജി വയ്ക്കുകയോ മറ്റു ജോലി കി
റിലീവ് ചെയ്യുകയോ ചെയ്താലും
ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർ
ചെയ്യേണ്ടതാണ്. ജോലിയിൽ നിന്നു
റിലീവ് ചെയ്തു പോയവർ തിരിച്ച
വരുമെന്ന് മുൻകൂട്ടി നിശ്ചയിക്കുന്നതേ
അതനുസരിച്ച് അവർക്കായി തസ്തിക
കൾ ഒഴിച്ചിടുന്നതോ പ്രായോഗികമ
ല്ലെന്നു കാണുന്നതിനാൽ അത്തരത്തിൽ
എല്ലാ ഒഴിവുകളും എത്രയും വേഗ
കെ.പി.എസ്.സി.യ്ക്ക് റിപ്പോർട്ട്
ചെയ്യാൻ പഞ്ചായത്ത് ഡയറക്ടർക്ക്
നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ